# കമ്മീഷൻ നടത്തുന്ന സാമൂഹ്യ – സാമ്പത്തിക സർവ്വേ സംബന്ധിച്ച് 07.10.2021 ന് തിരുവനന്തപുരം പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ വച്ച് വിവിധ മുന്നാക്ക സമുദായ സംഘടനകളുമായി നടത്തിയ ആലോചനാ യോഗം.

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച്, വിശകലനം നടത്തിയ ശേഷം അവർക്കായുള്ള ക്ഷേമകാര്യങ്ങൾ സർക്കാരിലേക്ക് ശിപാർശ ചെയ്യുക എന്നതാണ് കമ്മീഷന്റെ പ്രധാനപ്പെട്ട ചുമതലകളിലൊന്ന്. ഇതിനായി സംസ്ഥാനത്തെ ഇരുപതിനായിരത്തോളം വരുന്ന തദ്ദേശ സ്വയംഭരണ വാർഡുകളിലെയും ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന അഞ്ചു വീതം കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു സാമ്പിൾ സർവ്വേ നടത്താനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നത്. ഈ രംഗത്തെ വിദഗ്ധരുമായി കൂടിയാലോചിച്ച് കമ്മിഷൻ തയ്യാറാക്കിയ ചോദ്യാവലി പ്രകാരമുള്ള വിവരങ്ങൾ മൊബൈൽ ആപ്പിന്റെ സഹായത്തോടെ കുടുംബശ്രീ പ്രവർത്തകർ മുഖേന ശേഖരിക്കുന്നതിനുള്ള സർവ്വേ പ്രക്രിയക്കാണ് രൂപം നൽകിയിട്ടുള്ളത്.

നിർദ്ദിഷ്ട സാമൂഹിക-സാമ്പത്തിക സർവ്വേയ്ക്കായി വിവിധ മുന്നോക്ക സമുദായ സംഘടനകളുടെ സഹകരണം തേടുന്നതിന് 07.10.2021 ന് തിരുവനന്തപുരം പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ കമ്മീഷൻ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് എം.ആർ.ഹരിഹരൻ നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ 43 സംഘടനാ പ്രതിനിധികൾ പങ്കെടുത്തു. കമ്മീഷൻ അംഗങ്ങളായ, അഡ്വ. എം.മനോഹരൻ പിള്ള സ്വാഗതവും, ശ്രീ. എ.ജി. ഉണ്ണികൃഷ്ണൻ കൃതജ്ഞതയും രേഖപ്പെടുത്തി. മെമ്പർ സെക്രട്ടറി, രജിസ്ട്രാർ, ജീവനക്കാർ എന്നിവർ സന്നിഹിതരായിരുന്നു.

ഏതെങ്കിലും ക്ഷേമ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുകയല്ല ഈ സർവേയുടെ ലക്ഷ്യമെന്ന് ചെയർമാനും അംഗങ്ങളും വ്യക്തമാക്കി. കൂടാതെ, ഇ.ഡബ്ല്യൂ.എസ് വിഭാഗക്കാർ ഇപ്പോൾ അനുഭവിക്കുന്ന ആനുകൂല്യങ്ങളെ സർവേ ബാധിക്കുമെന്ന ആശങ്കയും തീർത്തും അടിസ്ഥാനരഹിതമാണ്. യോഗത്തിൽ പങ്കെടുത്ത മുന്നാക്ക സമുദായ സംഘടനകളുടെ പ്രതിനിധികൾ ഉയർത്തിയ വിവിധ സംശയങ്ങൾക്കും ആശങ്കകൾക്കും ചെയർമാൻ മറുപടി നൽകി. ഇക്കാര്യത്തിൽ അവരുടെ പൂർണ്ണ സഹകരണവും അദ്ദേഹം അഭ്യർത്ഥിച്ചു. 03.06.2021-ലെ ജി.ഒ (എം.എസ്) നമ്പർ 114/2021/ പൊ.ഭ.വ പ്രകാരം സർക്കാർ അംഗീകരിച്ച സംവരണേതര വിഭാഗക്കാരിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിൽ നിന്ന് നിർദ്ദിഷ്ട ചോദ്യാവലി (വെബ് സൈറ്റിലും അപ് ലോഡ് ചെയ്തിട്ടുണ്ട്) പ്രകാരമുള്ള ഡാറ്റ ശേഖരിക്കാൻ ഈ സംഘടനകൾക്കും സ്വമേധയാ മുന്നോട്ട് വരാവുന്നതാണ്. ഈ കമ്മീഷന്റെ കാലാവധി 13.3.2022-ന് അവസാനിക്കുമെന്നതിനാൽ ഇത് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. പൂരിപ്പിച്ച ചോദ്യാവലികൾ അവരുടെ ക്ഷേമവും ഉന്നമനവും സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി, ബന്ധപ്പെട്ട സംഘടനയുടെ ആമുഖ കത്ത് സഹിതം 31.12.2021-നകം തിരുവനന്തപുരത്തെ കമ്മീഷൻ ഓഫീസിൽ എത്തിക്കാവുന്നതാണ്. ഈ വിഭാഗക്കാരുടെ ക്ഷേമത്തിനും സാമൂഹിക-സാമ്പത്തിക വികസനത്തിനുമുള്ള ശിപാർശകൾ ഉൾപ്പെടുത്തി സർക്കാരിൽ സമർപ്പിക്കാനിരിക്കുന്ന അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇത് കമ്മീഷന് വളരെയധികം സഹായകമാകും.

മിക്ക പ്രതിനിധികളും സർവേയുടെ രൂപകൽപ്പനയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും സ്വന്തമായി സർവേ നടത്തിയ ശേഷം കമ്മിഷനു പരമാവധി വിവരങ്ങൾ നൽകിക്കൊണ്ട് സഹകരിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

20.10.2021, 21.10.2021, 22.10.2021, 26.10.2021, 27.10.2021 എന്നീ തീയതികളിൽ യഥാക്രമം പാലക്കാട്, കോട്ടയം, കൊല്ലം, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ നടക്കുന്ന മേഖലാ യോഗങ്ങളിൽ വിവിധ മുന്നോക്ക സമുദായ സംഘടനകളുടെ ജില്ലാ തല പ്രതിനിധികളുമായുള്ള കൂടിക്കാഴ്ചകൾ നിശ്ചയിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ നടക്കാനിരിക്കുന്ന സിറ്റിംഗിൽ കമ്മിഷൻ മുൻപാകെ പരാതികൾ സമർപ്പിച്ചവരെ നേരിൽ കേൾക്കുന്നതുമാണ്.

ഉച്ചകഴിഞ്ഞ് നടന്ന പത്രസമ്മേളനത്തിൽ ചെയർമാനും അംഗങ്ങളും കമ്മീഷൻ വിഭാവനം ചെയ്യുന്ന സാമൂഹിക-സാമ്പത്തിക സർവേയുടെ ഉദ്ദേശ്യവും രൂപകൽപനയും സംബന്ധിച്ച് വിശദീകരിച്ചു.